LIBRARY ARCHIVES Kerala Legislative Assembly

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പ്

71 (694) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഓരോ നിയമസഭാ മണ്ഡലത്തിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം; ഇതിനാവശ്യമായ ഫണ്ട് സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) സർക്കാരിൽനിന്നും ലഭിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യുക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ', വിവിധ പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. വിദ്യാർത്ഥികളിലും യുവതലമുറയിലും പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ/ കോളേജുതല സെമിനാറുകളും ജനാധിപത്യ സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം ഓരോ മണ്ഡലത്തിലും നടപ്പാക്കിയ പരിപാടികൾ താഴെപ്പറയുന്നവയാണ്:

(i) സ്കൂളുകളിലെ സെമിനാറുകൾ:

കൊച്ചി, അങ്കമാലി, കളമശ്ശേരി, മട്ടന്നൂർ, ഇടക്കാട്, പേരാവൂർ, കാഞ്ഞങ്ങാട്, മഞ്ചേശ്വരം, ചവറ, പത്തനാപുരം, പുനലൂർ, പൂഞ്ഞാർ,

കോഴിക്കോട് നോർത്ത്, കൊടുവള്ളി, ഏലത്തൂർ, കുന്ദമംഗലം, കോട്ടയ്ക്കൽ, താനൂർ, വേങ്ങര, ഏറനാട്, പെരിന്തൽമണ്ണ, മണ്ണാർക്കാട്, തൃത്താല, കോന്നി, റാന്നി, വടക്കഞ്ചേരി, നാട്ടിക, ചാലക്കുടി, വാമനപുരം, വട്ടിയൂർക്കാവ്, ചിറയിൻകീഴ്, നെടുമങ്ങാട്, മാനന്തവാടി, കൽപ്പറ്റ.

(ii) <u>യൂത്ത് പാർലമെന്റ് മത്സരങ്ങൾ:</u>

കളമശ്ശേരി, മൂവാറ്റുപുഴ, ദേവികുളം, ഇടുക്കി, ഉടുമ്പൻചോല, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, ഏറ്റുമാനൂർ, കടുത്തുരുത്തി, പൂഞ്ഞാർ, കോങ്ങാട്, മണ്ണാർക്കാട്, പാലക്കാട്, തൃത്താല, അടൂർ, ആറന്മുള, തിരുവല്ല, ആറ്റിങ്ങൽ, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, വാമനപുരം, വട്ടിയൂർക്കാവ്, ചേലക്കര, ഇരിങ്ങാലക്കുട, കയ്പമംഗലം, കൊടുങ്ങല്ലൂർ, കുന്നംകുളം, പുതുക്കാട്, വടക്കഞ്ചേരി, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി

(iii) <u>ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്:</u>

ആലുവ, തൊടുപുഴ, ഏറ്റുമാനൂർ, തിരൂർ, തരൂർ, തിരുവല്ല, അടൂർ, നെടുമങ്ങാട്, കഴക്കൂട്ടം, വട്ടിയൂർക്കാവ്, കൽപ്പറ്റ.

(iv) <u>പാർലമെന്ററി ലിറ്ററസി ക്ലബ്ബ്:</u>

അമ്പലപ്പുഴ, മൂവാറ്റുപുഴ, കൂത്തുപറമ്പ്, ചടയമംഗലം, കൊട്ടാരക്കര, ഏറ്റുമാനൂർ, പൂഞ്ഞാർ, എലത്തൂർ, പേരാമ്പ്ര, പെരിന്തൽമണ്ണ, മങ്കട, കോട്ടയ്ക്കൽ, വേങ്ങര, ആലത്തൂർ, തൃത്താല, മണ്ണാർക്കാട്, നെന്മാറ, കോന്നി, വാമനപുരം, ചിറയിൻകീഴ്, കൊടുങ്ങല്ലൂർ. ടി പ്രവർത്തനം നടത്തി ആയതിന്റെ റിപ്പോർട്ടും ചെലവ് വിവരങ്ങളും രേഖകളും ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ള എല്ലാ സ്കൂളുകൾക്കും ഫണ്ട് കൈമാറിയിട്ടുണ്ട്.

(സി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇൻ-എയ്ഡായി സർക്കാരിൽനിന്നും 1,11,37,000 രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly